സത്യജിത് റോയുടെ
മറ്റൊരു പരീക്ഷണ ചിത്രം

# ഗൂപി ഗായിൻ ബാഘാ ബായിൻ

## എം. പ്രഭാകരൻ

കൽക്കത്തയിൽ കലാമൂല്യമുള്ള ചിത്രങ്ങൾക്ക് ഈയിടെയായി നല്ല സ്വീകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഫോർമുലകളുടെ ചട്ടക്കൂട്ടിൽനിന്നും രക്ഷപ്പെടാത്ത ചിത്രങ്ങൾ കണ്ടു കണ്ടു മടുത്ത പ്രേക്ഷകർ പുതിയ പരീക്ഷണചിത്രങ്ങളെ അത്യാവേശത്തോടെ സ്വാഗതം ചെയ്യുന്നു. എങ്കിൽ അദ്ഭുതപ്പെടാനില്ല. പക്ഷേ, പ്രശസ്തരായ സംവിധായകരുടെ നല്ല ചിത്രങ്ങൾ മാത്രം കൽക്കത്തയിലെ സിനിമാശാലകളിൽ തുടർച്ചയായി പ്രദർശിപ്പിക്കുന്നതു മൂലം മറ്റു പല ചിത്രങ്ങൾക്കും പ്രദർശനസൗകര്യം ലഭിക്കുന്നില്ലെന്നുള്ള കാരണത്താൽ ബങ്കാളിലെ ചില സിനിമാതാരങ്ങളും ചലച്ചിത്രപ്രവർത്തകരും കൂടി ഒരു പ്രക്ഷോഭം തന്നെ നടത്തി എന്നു കേൾക്കുമ്പോൾ നാം അദ്ഭുതപ്പെടേണ്ടിയിരിക്കുന്നു. (സിനിമാലോകത്തെ അനാശാസ്യപ്രവണതകൾക്കെതിരെ നമ്മുടെ ആസ്വാദകലോകം ഉണർന്നു കഴിഞ്ഞു) ആ പ്രക്ഷോഭം പ്രധാനമായും പൂർണിമാ പിക്ചേഴ്സിനു വേണ്ടി നേപ്പാൾ ദത്തും ആഷിം ദത്തും കൂടി നിർമിച്ചതും സത്യജിത് റോയ് സംവിധാനം ചെയ്തതുമായ ഈ ചിത്രത്തിന്റെ പ്രദർശനത്തെ സംബന്ധിച്ചായിരുന്നു.

സുപ്രസിദ്ധസാഹിത്യകാരനായ ഉപേന്ദ്രകിഷോർ റോയി (സത്യജിത് റോയിയുടെ മുത്തച്ഛൻ)യുടെ കഥയെ ആധാരമാക്കിയുള്ള ഈ 'റോയി ചിത്രം' പ്രേക്ഷകനോടു തികച്ചും നീതി പുലർത്തുന്നുണ്ട്. ഫോർമുലകളും മറ്റു ബോക്സോഫീസ് ഘടകങ്ങളുമില്ലെങ്കിലും ഒരു ചിത്രം വിജയിക്കുമെന്നു റോയി ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു.

**കഥ – ഒരപ്രധാനഘടകം**

അംലോക് എന്ന ഗ്രാമത്തിലെ പലചരക്കുകടക്കാരന്റെ മകനായ ഗുപിക്ക് ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം ഒരു പാട്ടുകാരനാവണമെന്നാണ്. എന്നാൽ, അവന്റെ ശാരീരം അതിനൊട്ടും അനുയോജ്യമായിരുന്നില്ല. ഒരുദിവസം ആ ഗ്രാമത്തിലെ രസികരായ ചില വൃദ്ധന്മാർ അവനോട് രാജസന്നിധിയിൽ ചെന്നു പാടാൻ പ്രേരിപ്പിച്ചു. കാലത്തു കൊട്ടാരത്തിനടുത്തുചെന്ന് ഉച്ചത്തിൽ പാടിയാൽ രാജാവ് വിളിച്ചുവരുത്തി പാടിക്കുമെന്നായിരുന്നു അവർ പറഞ്ഞുകൊടുത്ത വഴി. തന്നെ കബളിപ്പിക്കുകയാണെന്നു മനസ്സിലാക്കാൻ കഴിയാത്ത ആ സാധു ബാലൻ അങ്ങനെ ചെയ്തു. കാലത്തു തന്റെ നിദ്രയ്ക്കു വിഘ്നം വരുത്തിയ അവനെ, കഴുതപ്പുറത്തു കയറ്റി തന്റെ രാജ്യത്തിന്റെ അതിർത്തി കടത്തി വിടുവാൻ രാജാവ് ആജ്ഞാപിച്ചു. അലഞ്ഞുതിരിഞ്ഞ് രാത്രിയായപ്പോഴേയ്ക്കും അവൻ ഒരു കാട്ടിലെത്തി. അവിടെവെച്ചു തന്നെപ്പോലെ ഗ്രാമത്തിൽനിന്ന് ഓടിയ്ക്കപ്പെട്ട ചെണ്ടക്കാരൻ ബാഘയെ കണ്ടുമുട്ടുന്നു. അന്ധകാരത്തിൽ നിന്നും കാടിന്റെ ഭയാനകതയിൽനിന്നും മനസ്സിനെ മോചിപ്പിക്കുവാനായി അവർ കൊട്ടും പാട്ടും തുടങ്ങി. പാട്ടിന്റെയും ചെണ്ടയുടെയും ശബ്ദം കാട്ടിലെ പിശാചുക്കളെ ആകർഷിക്കുന്നു. അവരുടെ പാട്ടിലും വാദ്യത്തിലും മയങ്ങിയ പ്രേതരാജാവ് അവർക്കു മൂന്നു വരം കൊടുക്കുന്നു: ആവശ്യമുള്ളപ്പോൾ വസ്ത്രവും ഭക്ഷണവും കിട്ടും. താൻ നൽകുന്ന ചെരുപ്പുകൾ അണിഞ്ഞാൽ ആഗ്രഹിക്കുന്നേടത്ത് എത്താം. അവരുടെ പാട്ടും വാദ്യവും ആരെയും ആകർഷിക്കും.

പിന്നീട് അവർ ഷുണ്ടിയെന്ന രാജ്യത്ത് എത്തിച്ചേരുന്നു. അവിടെ വെച്ചു രാജാവു നടത്തുന്ന സംഗീതമത്സരത്തിൽ പങ്കുകൊള്ളുന്നു. അവരുടെ പാട്ടും വാദ്യവും കേട്ടു മയങ്ങിയ രാജാവ് അവരെ കൊട്ടാരത്തിൽ താമസിക്കാനനുവദിച്ചു. ആയിടക്കാണ് അയൽരാജ്യമായ ഹള്ളയിലെ രാജാവ് ഷുണ്ടിയുമായി യുദ്ധം പ്രഖ്യാപിക്കുന്നത്. സമാധാനപ്രിയനായ ഷുണ്ടിരാജാവ് യുദ്ധം ഒഴിവാക്കുവാൻ, വേണ്ടിവന്നാൽ കീഴടങ്ങുവാൻ കൂടി തയാറാണ്. എന്നാൽ, രാജാവ് കീഴടങ്ങുന്നതിന് ഗുപിയും ബാഘയുമെതിരാണ്. എങ്ങനെയെങ്കിലും യുദ്ധം ഒഴിവാക്കാമെന്ന ഉദ്ദേശത്തോടെ അവർ ഹള്ളിയിലേക്കു ചാരന്മാരായി പോകുന്നു. അവിടെ വെച്ചു ശത്രുക്കൾ അവരെ ഉറക്കത്തിൽ തടവുകാരായി പിടികൂടി. കൈയിലുണ്ടായിരുന്ന ചെരുപ്പുനഷ്ടപ്പെട്ടതു മൂലം രക്ഷപ്പെടാൻ കഴിഞ്ഞില്ല. എങ്കിലും മാന്ത്രികശക്തികൊണ്ട് ഭക്ഷണം വരുത്തി കാവൽക്കാരനെ പ്രലോഭിപ്പിച്ച് ഒളിച്ചോടി.

ഹള്ളിയിലെ രാജാവ് യഥാർത്ഥത്തിൽ യുദ്ധത്തിനെതിരാണ്. എന്നാൽ, യുദ്ധക്കൊതിയനായ പ്രധാനമന്ത്രി തന്റെ മന്ത്രവാദിയുടെ സഹായത്താൽ രാജാവിനെ ഒരു വെറും പാവയായി കൊണ്ടുനടക്കുകയാണ്. യഥാർത്ഥത്തിൽ ഹള്ളയിലെയും ഷുണ്ടിയിലെയും രാജാക്കന്മാർ കൊല്ലങ്ങളായി വിട്ടുപിരിഞ്ഞ ഇരട്ട പെറ്റ സഹോദരന്മാർ കൂടിയായിരുന്നു.

തടവിൽനിന്ന് ഒളിച്ചോടിപ്പോന്ന ഗുപിയും ബാഘായും വഴിക്കുവെച്ചു തങ്ങളുടെ പാട്ടുകൊണ്ട് ഷുണ്ടിയെ ആക്രമിക്കുവാൻ പോകുന്ന സൈന്യത്തെ മയക്കുന്നു. പാട്ടിന്റെ അവസാനത്തിൽ മാന്ത്രികശക്തികൊണ്ട് ആകാശത്തിൽനിന്ന് അനേകം മധുരഭക്ഷ്യപദാർത്ഥങ്ങൾ ഉതിർന്നു. വിശന്നു വലഞ്ഞ ഭക്ഷണക്കൊതിരയരായ പട്ടാളക്കാർ ആയുധങ്ങൾ വലിച്ചെറിഞ്ഞ് അവയ്ക്കു മീതെ ചാടിവീണു. ഗുപിയും ബാഘയും കൂടി ഈ അവസരത്തി ൽ ഹള്ളാരാജുവിനെ ഷുണ്ടിയിലേക്ക് എടുത്തുകൊണ്ടുപോകുന്നു. അവിടെവെച്ചു കൊല്ലങ്ങൾക്കുമുൻപ് വിട്ടുപിരിഞ്ഞ സഹോദരന്മാർ വീണ്ടും കണ്ടുമുട്ടുന്നു. ഗുപിയും ബാഘയും ചെയ്ത സഹായത്തിന് നന്ദിസൂചകമായി തങ്ങളുടെ ഓമനപ്പുത്രികളെ ആ സഹോദരന്മാർ അവർക്ക് വിവാഹം ചെയ്തുകൊടുക്കുന്നു.



ബാഘ(രവി ഘോഷ്)ഉം ഗൂപി (തപൻ ചാറ്റർജി)യും

### സംവിധാനത്തിലെ കല

അവിശ്വസനീയമായ ഒരു കെട്ടുകഥയുടെ അദ്ഭുതാവഹമായ ചിത്രീകരണമെന്ന നിലയ്ക്ക് റോയിയുടെ ഇന്നേവരെയുള്ള സൃഷ്ടികളിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് ഈ ചിത്രം. അറബിക്കഥകളെ അനുസരിപ്പിക്കുന്ന ഈ ചിത്രത്തിൽ കഥയെക്കാളേറെ അതു പകർത്തിക്കാട്ടുന്ന രീതിയിൽ റോയി പ്രദർശിപ്പിക്കുന്ന കഴിവുറ്റ കലാബോധവും ഭാവനാശക്തിയുമാണ് നമ്മളെ കൂടുതൽ ആകർഷിക്കുക. ഒരുപക്ഷേ, ഒറ്റനോട്ടത്തിൽ കുട്ടികൾ മാത്രം ഇഷ്ടപ്പെടുന്ന, അവർക്ക് ചിരിക്കാൻ മാത്രം പോരുന്ന സിനിമയായി പലരും കണക്കാക്കിയെന്നു വരും. എന്നാൽ, കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ ചിത്രം കാണുമ്പോൾ അവർക്ക് അനുഭവപ്പെടുക, ഒരു കെട്ടുകഥയിലെ ആശ്ചര്യകരങ്ങളായ അദ്ഭുതരംഗങ്ങൾ ഉളവാക്കുന്ന നൈമിഷകങ്ങളായ ആനന്ദമാവണം. ഏറെക്കുറെ ഉടനീളം നർമരസം തുളുമ്പിനിൽക്കുന്ന പ്രകൃതചിത്രം റോയിയുടെ ലളിതവും സുന്ദരവുമായ കഥാവിഷ്കരണത്തിന്റെയും അതിരസാധാരണമായ സംവിധാനവൈരുദ്ധ്യത്തിന്റെയും നിദാനം മാത്രമാണോ? അതോ, ഈ ചിത്രം യുദ്ധങ്ങൾ ഒഴിവാക്കി രാഷ്ട്രങ്ങൾ അനുവർത്തിക്കേണ്ട സഹവർത്തിത്വത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം ഉൾക്കൊള്ളുന്ന ഒരു മഹത്തായ കലാസൃഷ്ടിയും കൂടിയാണോ? എതായാലും റോയിയെപ്പോലെയുള്ള ഒരു സംവിധായകന്റെ കൈയിൽ ഏതൊരു ഇതിവൃത്തവും ഹൃദ്യമായ ഒരു കലാരൂപമായി മാറുമെന്നുള്ളതിന് ഒരുത്തമോദാഹരണവും കൂടിയാണ് ഈ പടം.

ചലച്ചിത്രലോകത്തു തന്റെ ആദ്യത്തെകഥാപാത്രമായ അപുവിനെ അവതരിപ്പിച്ച മുതൽക്ക് റോയിയിൽ കണ്ടു വരുന്ന ഒരു പ്രത്യേകതയാണ് നിഷ്കളങ്കത മുറ്റിനിൽക്കുന്ന കൗമാരത്തിന്റെ പ്രതീകങ്ങളെ സൃഷ്ടിക്കൽ. കാണികളുടെ കാരുണ്യത്തിനും സ്നേഹത്തിനും പാത്രമായ ഇതിലെ ഗുപിയെന്ന കഥാപാത്രത്തിന്റെ ലളിതവും സുന്ദരവുമായ അവതരണം ഉജ്ജ്വലമായി. അതുപോലെ ഇതിലെ ഓരോ കഥാപാത്രത്തിനും വേണ്ടത്ര മിഴിവിയറ്റാൻ റോയി കാണിക്കുന്ന ശ്രദ്ധയും എടുത്തുപറയത്തക്കതാണ്.

കഥയുടെ ഉത്തരാർദ്ധത്തിലുള്ള ഹള്ളാ രാജാവിന്റെ കൊട്ടാരത്തിലെ രംഗങ്ങൾ കാണികൾക്ക് കുറച്ചു മുഷിപ്പുളവാക്കത്തവണ്ണം നീണ്ടുപോയിട്ടുണ്ടെന്നു പറയേണ്ടതാണ്. അതുപോലെതന്നെ പ്രേതനൃത്തനാടകത്തിന്റെ ദൈർഘ്യവും കുറച്ചുകുറയ്ക്കാമായിരുന്നു.

ശാസ്ത്രീയസംഗീതത്തെപ്പറ്റിയും ബങ്കാളിലെ മനോഹരങ്ങളായ നാടൻശീലുകളെപ്പറ്റിയുള്ള റോയിയുടെ പരിജ്ഞാനത്തിന്റെ മികച്ച ഒരുദാഹരണമാണ് ചിത്രം. ശബ്ദവും വർണവും ഇത്രയും ഹൃദ്യവും ശക്തവുമായി മേളിക്കുന്ന മനോഹരരംഗങ്ങളുടെ ചിത്രീകരണം ചലച്ചിത്രലോകത്ത് അപൂർവമായേ കാണുവാൻ കഴിയൂ.

### പുതുമുഖങ്ങൾ

അവസാന രംഗത്തിൽ ഗുപിയുടേയും ബാഘയുടേയും പത്നിമാരായി പ്രത്യക്ഷപ്പെടുന്ന രണ്ടു രാജകുമാരികളൊഴിച്ചാൽ ഈ ചിത്രത്തിൽ വേറെ സ്ത്രീകളില്ല. ഇന്ത്യൻ ചലച്ചിത്രലോകത്ത് ഇത്തരത്തിലൊരു സംഭവം വേറെയുണ്ടോ എന്നു സംശയമാണ്.

ഇതിലെ പ്രധാന കഥാപാത്രങ്ങളായ ഗുപിയുടെയും ബാഘയുടെയും ഭാഗങ്ങളെടുത്ത പുതുമുഖമായ തപൻ ചാറ്റർജിയും ബങ്കാളിലെ പ്രശസ്തഹാസ്യനടനായ രവിഘോഷും അവരുടെ ഭാഗങ്ങൾ അസൂയാവഹമാംവണ്ണം വിജയിപ്പിച്ചിട്ടുണ്ട്. ഗുപിയെന്ന കഥാപാത്രത്തിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊണ്ടുകൊണ്ട്, ആ കഥാപാത്രത്തെ ഇത്രയും ചൈതന്യവത്താക്കി.യ ചാറ്റർജി തന്റെ ആദ്യസംരംഭത്തിൽത്തന്നെ കാണികളുടെ അഭിനന്ദനമർഹിക്കുന്നുണ്ട്. താനെടുക്കുന്ന കഥാപാത്രങ്ങളുമായി അനായസേന താദാത്മ്യം പ്രാപിക്കുവാൻ കഴിവുള്ള ഇന്ത്യയിലെ ചുരുക്കം ചില നടന്മാരിലൊരാളാണ് രവിഘോഷെന്ന് അദ്ദേഹത്തിന്റെ പഴയ പലേ ചിത്രങ്ങളും തെളിയിച്ചിട്ടുണ്ട്. ഈ ചിത്രത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും.

നിരവധി കഥാപാത്രങ്ങളുള്ള ഈ ചിത്രത്തിൽ എടുത്ത പറയത്തക്കതായി ഹള്ളയിലേയും ഷണ്ടിയിലേയും രാജാക്കന്മാരുടെ ഭാഗമെടുത്ത സന്തോഷ് ദത്തയും ഹള്ളയിലെ പ്രധാനമന്ത്രിയുടെ ഭാഗമെടുത്ത ജോഹർ വായിയുമാണ്. ഹരീന്ദ്രനാഥ ചതോബദ്ധ്യായയെടുത്ത മാന്ത്രികന്റെ വേഷവിധാനം ആവശ്യത്തിലധികം വികൃതമായിത്തോന്നി. ഹരിദൻമുഖർജി, പ്രസാദമുഖർജി, ദുർഗാദാസ് ബാനർജി എന്നിവർ തങ്ങളുടെ ചെറിയ ചെറിയ റോളുകൾ വിജയിപ്പിച്ചിട്ടുണ്ട്.

സത്യജിത്ത് റോയ് ഈ ചിത്രത്തിൽ കൂടി സിനിമാരംഗത്തേക്ക് കൊണ്ടുവന്ന പിന്നണിഗായകനായ അനുപ്ഘോഷിന്റെ സംഗീതവും, സൗമേന്ദുറായിയുടെ ഫോട്ടോഗ്രാഫിയും ഈ ചിത്രത്തിന്റെ വിജയത്തിനു വളരെയേറെ സഹായിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ,

പ്രദർശനത്തിന് മുൻപുതന്നെ, ഈ ജൂണിൽ നടക്കുവാൻ പോകുന്ന ബർലിൻ ചലച്ചിത്രോത്സവത്തിന്ന് ഗവർമോണ്ടു തിരഞ്ഞെടുത്തിട്ടുള്ള റോയിയുടെ ഈ പുതിയ പരീക്ഷണചിത്രം അന്തർദേശീയരംഗത്ത് അദ്ദേഹത്തിന്റെയും ഇന്ത്യയുടെയും കീർത്തിമുദ്ര വീണ്ടും പതിപ്പിക്കാനിടയുണ്ട്.